C. *യാഗങ്ങളുടെ നിയമം. അ. 6,7*

**II പുരോഹിതന്മാർ (എല്ലാ വിശ്വാസികളും പുരോഹിതർ) അദ്ധ്യായം 8-10**

- a. *പുരോഹിതന്മാരുടെ അഭിഷേകം - 8*
- b. *പുരോഹിതന്മാരുടെ ശുശ്രൂഷ - 9*
- c. *പുരോഹിതന്മാർക്കുള്ള നിബന്ധനകൾ (നാദാബിന്റെയും അബിഹൂവിന്റെയും മരണം) -*

**III ദൈനംദിന ജീവിതത്തിലെ വിശുദ്ധി (ദൈവം തന്റെ മക്കളുടെ സ്വഭാവത്തെ ശ്രദ്ധിക്കുന്നു) അദ്ധ്യായം 11 -22**

- a. *ദൈവജനത്തിന്റെ ആഹാരം - 11*
- b. *ദൈവമക്കളുടെ മക്കൾ - 12*
- c. *കുഷ്ഠരോഗികളുടെ ശുദ്ധീകരണം അ.13,14*
- d. *സാധാരണ പ്രശ്നങ്ങളുടെ ശുദ്ധീകരണം - 15*
- e. *മഹാ പാപ പരിഹാര ദിനം - 16*
- f. *യാഗസ്ഥലം, രക്തത്തിന്റെ വില - 17*
- g. *ജീവിതത്തിന്റെ അവസ്ഥകളിൽ കല്പനകൾക്കുള്ള പ്രായോഗികത 18-20*
    1. *അസാന്മാർഗ്ഗികതയെ കുറ്റം വിധിക്കുന്നു. (7-ാം കല്പനയുടെ പ്രയോഗം) - 18*
    2. *സാമൂഹ്യപാപം (കല്പനകളുടെ പ്രയോഗം) -19*
    3. *കല്പനകൾ ലംഘിക്കുന്നതിനുള്ള ശിക്ഷ - 20*
- h. *പുരോഹിതന്മാരുടെ വ്യക്തിപരമായ വിശുദ്ധിയുള്ള നിയമങ്ങൾ - 21,22*

**IV വിശുദ്ധ ദിവസങ്ങൾ അ. 23**

**V വാഗ്ദത്ത നാടിനുള്ള നിയമങ്ങളും പ്രവചനങ്ങളും അദ്ധ്യാ. 24,26**

- a. *വിളക്കുതണ്ട്, കാഴ്ചയപ്പം, ദൈവനാമത്തെ, ദുഷിക്കുന്നവനുള്ള മരണശിക്ഷ - 24*
- b. *ശാബ്ബദ് സംവത്സരം, യോബേൽ സംവത്സരം, ചാർച്ചക്കാരനായ വീണ്ടെടുപ്പുകാരൻ - 25*
- c. *ദേശത്തിലെ അനുഗ്രഹത്തിനുള്ള വ്യവസ്ഥകൾ - 26*

**VI സമർപ്പണവും ഭക്തിയും - നേർച്ചകൾ സംബന്ധിച്ച്**

---

*ശ്രവിപ്പിൻ ട്രാൻസ്‌വേൾഡ് റേഡിയോ - ഇന്ത്യയുടെ മലയാള പരിപാടികൾ, MW 340 മീറ്ററിൽ ഓരോ പ്രഭാതത്തിലും 5.00 മുതൽ, ശനിയാഴ്ച വൈകിട്ട് 9.45 നും ഞായറാഴ്ച രാവിലെ 6.30 നും പതിവായി ശ്രവിക്കുക. സ്നേഹിതർക്കും പരിചയപ്പെടുത്തുക. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക.*

---

ജീവസന്ദേശം പോസ്റ്റ് ബോക്സ് നമ്പർ-3, മഞ്ഞാടി പി.ഒ. തിരുവല്ല - 5, കേരളം
ഫോൺ : 0469 - 2700284, 9447767378

## ട്രാൻസ് വേൾഡ് റേഡിയോ ഇൻഡ്യയുടെ

# ജീവസന്ദേശം

## റേഡിയോ ബൈബിൾ പഠനം

# ലേവ്യാ പുസ്തകം

### എഴുത്തുകാരൻ : മോശെ

**സ്ഥലം:** *സീനായ് മലയിൽ യിസ്രായേൽമക്കളുടെ ശ്രദ്ധേയമായ ഒരു സമയത്തെയാണ് ലേവ്യാപുസ്തകത്തിൽ വിവരിക്കുന്നത്. ഈ പുസ്തകം ആരംഭിക്കുന്നതും അവസാനിക്കുന്നതും സീനായ് മലയുടെ അതേ പശ്ചാത്തലത്തിലാണ്. സീനായ് മലയിൽവച്ചാണ് ദൈവം ന്യായപ്രമാണം നൽകിയത്.*

*സമാഗമന കൂടാരത്തിന്റെ നിർമ്മാണത്തോടെയും അതിൽ ദൈവമഹത്വം നിറയുന്നതോടെയുമാണ് പുറപ്പാടു പുസ്തകം അവസാനിക്കുന്നത്. ലേവ്യാപുസ്തകം സമാഗമന കൂടാരത്തിലെ ക്രമവും ആരാധനാനിയമങ്ങളും നൽകുന്നു. സീനായ് മലയ്ക്കു പകരം ദൈവം സമാഗമനകൂടാരത്തിലേക്കു വന്ന്, അവിടെനിന്നും സംസാരിക്കുകയാണ്. ജനത്തെ അവൻ തന്നിലേക്കു വിളിക്കുകയും എങ്ങനെ അവർ അടുത്തു ചെല്ലണമെന്നു പറയുകയും ചെയ്യുന്നു.* 'Vayikrah' *എന്ന എബ്രായ പദത്തിന്റെ അർത്ഥം "അവൻ വിളിച്ചു" എന്നത്രേ.*

*സഭ എന്നതിനുള്ള* 'ekklesia' *എന്ന ഗ്രീക്കു പദത്തിന്റെ കൃത്യമായ അർത്ഥം "വിളിച്ചു വേർതിരിക്കപ്പെട്ടവർ" എന്നാണ്. കർത്താവായ യേശുക്രിസ്തു പറഞ്ഞു "എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു" (യോഹ.10:27)*

**ഉദ്ദേശ്യം:**

*വിമർശകരിൽ പലരും ബൈബിളിൽ ഉണ്ടാകരുതാത്ത ഒരു പുസ്തകം എന്ന് ഇതിനെ വിമർശിക്കുമ്പോൾ, ഡോ. എസ്. എച്ച് കൈലോജ് ഇതിനെ ബൈബിളിലെ ഏറ്റവും ഉന്നതമായ പുസ്തകം എന്ന് വിലയിരുത്തുന്നു. ഡോ. ആൽബർട്ട് സിഡഡ്‌ലി ഇതിനെ "ബൈബിളിലെ ഏറ്റവും പ്രധാനപ്പെട്ട പുസ്തകം" എന്നത്രേ വിളിച്ചത്.*

*വിശുദ്ധനായ ദൈവത്തോടുള്ള കൂട്ടായ്മയിൽ യിസ്രായേൽ ഒരു വിശുദ്ധജനമായി ജീവിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളാണ് ഈ പുസ്തകത്തിൽ നൽകപ്പെട്ടിരിക്കുന്നത്. യിസ്രാ*

*യേലിന്റെ ഭൗതികവും സാന്മാർഗ്ഗികവും ആത്മീകവും ആയ നന്മയ്ക്കു വേണ്ടിയുള്ള നിയമാവലിയായിരുന്നു ഇത്. യാഗം, കർമ്മം, ആചാരം, ആരാധനരീതി, നിർദ്ദേശങ്ങൾ, സ്നാനങ്ങൾ, സഭായോഗങ്ങൾ, വിശുദ്ധ ദിവസങ്ങൾ, അനുഷ്ഠാനങ്ങൾ, വ്യവസ്ഥകൾ, മുന്നറിയിപ്പുകൾ എന്നിവയാൽ ഈ പുസ്തകം നിറഞ്ഞിരിക്കുന്നു. ഈ ഭൗതീക അനുഷ്ഠാനങ്ങളാകെ നൽകപ്പെട്ടത്. ആത്മീക സത്യങ്ങൾ അവരെ പഠിപ്പിക്കുന്നതിനായിരുന്നു. പൗലൊസ് പറയുന്നു. "ഇതു നമുക്കു ദൃഷ്ടാന്തമായി സംഭവിച്ചു" (1കൊരി.10:6).*

*ലേവ്യാപുസ്തകം ക്രിസ്തുവിനെ വെളിപ്പെടുത്തുന്നു. നമ്മെ സംബന്ധിച്ച് ഈ പുസ്തകം ദൈവത്തിങ്കലേക്കുള്ള മാർഗ്ഗ ദർശനവും ആത്മീക കൂട്ടായ്മയ്ക്കുള്ള മാർഗ്ഗനിർദ്ദേങ്ങളും നൽകുന്നു. ഈ പുസ്തകത്തിന്റെ ഉള്ളടക്കത്തെ ശരിയാംവിധം അംഗീകരിക്കുമെങ്കിൽ ശരാശരി ക്രിസ്ത്യാനിക്ക് ആരാധനയെ സംബന്ധിച്ച് ഒരു പുതിയ അർത്ഥം ലഭിക്കുന്നതാണ്. ഇന്നത്തെ നമ്മുടെ ആരാധന ഒരിക്കലും ഒരു ആചാരമോ, ഒരു പ്രത്യേക സ്ഥലബന്ധിതമോ ആയിരിക്കുന്നില്ല. ശമര്യാസ്ത്രീയോടു കർത്താവു "നിങ്ങൾ പിതാവിനെ നമസ്കരിക്കുന്നത് ഈ മലയിലും അല്ല യരുശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു (യോഹ.4:21) എന്നും "സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു. ഇപ്പോൾ വന്നുമിരിക്കുന്നു (യോഹ.4:23) എന്നും പറഞ്ഞു.*

**താക്കോൽ പദം: യഹോവയ്ക്കു വിശുദ്ധം**

**ദൂത്:** *ഇതിലെ സന്ദേശം രണ്ടുമടക്കാണ്.*

1. *ദൈവത്തിന്റെ വഴി യാഗത്തിലൂടെയെന്ന് ലേവ്യാപുസ്തകം പഠിപ്പിക്കുന്നു. പ്രായശ്ചിത്തം എന്ന പദം ഇതിൽ 45 പ്രാവശ്യം കാണുന്നു. "രക്തമല്ലോ ജീവൻ ഉള്ളതിനാൽ പ്രായശ്ചിത്തം ആകുന്നത്" (ലേവ്യ.17:11)*

*പ്രായശ്ചിത്തം എന്നതിന്റെ അർത്ഥം മറയ്ക്കപ്പെട്ടു എന്നത്രേ. കാളയുടെയും ആട്ടകൊറ്റന്മാരുടെയും രക്തത്തിന് യഥാർത്ഥത്തിൽ പാപത്തെ നീക്കുവാൻ കഴിയുന്നതല്ല. അതു ക്രിസ്തു നമ്മുടെ പാപങ്ങൾ നീക്കുന്നതുവരെയും മറയ്ക്കുക മാത്രമാണ് ചെയ്യുന്നത്.*

*"വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു" (റോമ.3:25).*

2. *ലേവ്യാപുസ്തകം വിശുദ്ധിയിൽ ദൈവത്തോടൊപ്പം നടക്കുന്നതിനെക്കുറിച്ചു പഠിപ്പിക്കുന്നു.*

*"നിങ്ങൾ എനിക്കു വിശുദ്ധരായിരിക്കണം. യഹോവയായ ഞാൻ വിശുദ്ധനാകകൊണ്ടു നിങ്ങളും എനിക്കുള്ളവരായിരിക്കേണ്ടതിനു ഞാൻ നിങ്ങളെ ജാതികളിൽനിന്നു വേർതിരിച്ചിരിക്കുന്നു" (ലേവ്യ.20:26).*

*ആഹാരം, സാമൂഹ്യജീവിതം, തന്റെ ജനത്തിന്റെ ജീവിതത്തിലെ ഓരോ ഭൗതിക കാര്യങ്ങൾ ഉൾപ്പെടെയുള്ള ദൈനം ദിനചര്യകൾ, എന്നിവയെ നിയന്ത്രിക്കുന്ന കർശനമായ നിയമങ്ങൾ ദൈവം നൽകിയിരിക്കുന്നു. ഈ നിയമങ്ങൾക്ക് ഇന്നത്തെ തന്റെ ജനത്തെ സംബന്ധിച്ച് വളരെ വലിയ ആത്മീക പ്രായോഗികതയുണ്ട്.*



*ക്രിസ്തുവിന്റെ ചൊരിയപ്പെട്ട രക്തത്തിലൂടെ പാപിക്ക് ദൈവത്തിങ്കലേക്കുള്ള പ്രവേശനം ഉറപ്പാക്കപ്പെട്ടിരിക്കുന്നു.*

*"മഹാപുരോഹിതൻ ആണ്ടുതോറം അന്യരക്തത്തോടുകൂടെ വിശുദ്ധ മന്ദിരത്തിൽ പ്രവേശിക്കുന്നതുപോലെ, അവൻ തന്നെത്താൻ കൂടെക്കൂടെ അർപ്പിപ്പാൻ ആവശ്യമില്ല. അങ്ങനെ ആയാൽ ലോകസ്ഥാപനം മുതല്ക്കു അവൻ പലപ്പോഴും കഷ്ടമനുഭവിക്കേണ്ടിയിരുന്നു. എന്നാൽ അവൻ ലോകാവസാനത്തിൽ സ്വന്ത യാഗം കൊണ്ടു പാപപരിഹാരം വരുത്തുവാൻ ഒരിക്കൽ പ്രത്യക്ഷനായി" (എബ്രാ.9:26,28)*

*ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ ദൈവത്തെ ആരാധിക്കുകയും ആസ്വദിക്കയും ചെയ്യണമെങ്കിൽ നിശ്ചയമായും അവർ ഒരു വിശുദ്ധ ജീവിതം നയിക്കണം.*

*"നിത്യനിയമത്തിന്റെ രക്തത്താൽ ആടുകളുടെ വലിയ ഇടയനായ നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരുടെ ഇടയിൽനിന്നും മടക്കിവരുത്തിയ സമാധാനത്തിന്റെ ദൈവം നിങ്ങളെ അവന്റെ ഇഷ്ടം ചെയ്യാൻ തക്കവണ്ണം എല്ലാ നന്മയിലും യഥാസ്ഥാനപ്പെടുത്തി തനിക്കു പ്രസാദമുള്ളതു യേശുക്രിസ്തു മുഖാന്തരം നമ്മിൽ നിവർത്തിക്കുമാറാകട്ടെ; അവന്നു എന്നേക്കും മഹത്വം ആമേൻ" (എബ്രാ.13:20,21).*

*ഉല്പത്തിയിൽ മനുഷ്യൻ നാശയോഗ്യനായി/പുറപ്പാടിൽ മനുഷ്യൻ വീണ്ടെടുക്കപ്പെട്ടു/ ലേവ്യായിൽ മനുഷ്യൻ ആരാധിക്കുന്നു.*

| **പുറപ്പാട്** | **ലേവ്യാ** |
|---|---|
| – ക്ഷമ വാഗ്ദാനം ചെയ്യപ്പെടുന്നു | – വിശുദ്ധി വാഗ്ദാനം ചെയ്യപ്പെടുന്നു |
| – ദൈവം മനുഷ്യനോട് അടുക്കുന്നു | – മനുഷ്യൻ ദൈവത്തോട് അടുക്കുന്നു |
| – ക്രിസ്തു രക്ഷകൻ | – ക്രിസ്തു വിശുദ്ധീകരിക്കുന്നവൻ |
| – മനുഷ്യന്റെ കുറ്റം ഉയർന്നു നില്ക്കുന്നു | – മനുഷ്യന്റെ കളങ്കം ഉയർന്നു നില്ക്കുന്നു – |
| ദൈവം പർവ്വതത്തിൽ വച്ച് സംസാരിക്കുന്നു | – ദൈവം തിരുനിവാസത്തിൽനിന്നു – സംസാരിക്കുന്നു |
| – മനുഷ്യൻ ദൈവത്തിന്റെ അടുത്തേക്ക് വരുന്നു | – മനുഷ്യനെ ദൈവത്തിന്റെ അടുക്കൽ ആക്കുന്നു |

## വിഷയവിഭജനം

**I *അഞ്ചു യാഗങ്ങളും അവയ്ക്കുള്ള നിയമങ്ങളും അദ്ധ്യായം 1–7***

A. *സൗരഭ്യവാസനയായ യാഗങ്ങൾ (ക്രിസ്തുവിന്റെ വ്യക്തിത്വം) 1–3*
   1. *ദഹനയാഗം (ക്രിസ്തു നമ്മുടെ പകരക്കാരൻ) –1*
   2. *ഭോജനയാഗം (ക്രിസ്തുവിന്റെ മനോഹാരിത) –2*
   3. *സമാധാനയാഗം (ക്രിസ്തു നമ്മുടെ സമാധാനം) –3*

B. *സൗരഭ്യവാസനയല്ലാത്ത യാഗങ്ങൾ (ക്രൂശിലെ ക്രിസ്തുവിന്റെ പ്രവൃത്തി) 4,5*
   1. *പാപയാഗം (പാപം ഒരു പ്രകൃതി) –4*
   2. *അകൃത്യയാഗം (പാപം ഒരു പ്രവൃത്തി) –5*